"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- ഗുരു ചെങ്ങന്നൂർ ട്രോഫി - ചെങ്ങന്നൂർ ചതയം ജലോത്സവം 2025 -ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.44/2026/TSM തീയതി,തിരുവനന്തപുരം, 17-01-2026

---

പരാമർശം:-

1. ചെങ്ങന്നൂർ ചതയം ജലോത്സവ സാംസ്കാരിക സമിതി ജനറൽ സെക്രട്ടറി സമർപ്പിച്ച 04.07.2025 തീയതിയിലെ അപേക്ഷ.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 15.11.2025 തീയതിയിലെ DOT/3236/2025-M1 നം കത്ത്.

**ഉത്തരവ്**

ചരിത്ര പ്രസിദ്ധമായ ഗുരു ചെങ്ങന്നൂർ ട്രോഫി - ചെങ്ങന്നൂർ ചതയം ജലോത്സവം 2025 ന് ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ചെങ്ങന്നൂർ ചതയം ജലോത്സവ സാംസ്കാരിക സമിതി ജനറൽ സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2025 സെപ്റ്റംബർ മാസം 7-ാം തീയതി സംഘടിപ്പിച്ച ചരിത്ര പ്രസിദ്ധമായ ഗുരു ചെങ്ങന്നൂർ ട്രോഫി - ചെങ്ങന്നൂർ ചതയം ജലോത്സവം 2025 ന് **3452-80-104-99-00-00-01-പി-വി-**വിവിധ ഉത്സവങ്ങളുടെയും,സാംസ്കാരിക പരിപാടികളുടെയും പരിപോഷണം(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും **₹1,00,000/-** (ഒരു ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം ചെങ്ങന്നൂർ ചതയം ജലോത്സവ സാംസ്കാരിക സമിതി ജനറൽ സെക്രട്ടറി വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ജനറൽ സെക്രട്ടറി, ചെങ്ങന്നൂർ ചതയം ജലോത്സവ സാംസ്കാരിക സമിതി (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 17-01-2026 14:40:47
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്